# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 850 — 12.12.2012 - ൽ മറുപടിക്ക്

## സംസ്ഥാനത്തെ ജലത്തിന്റെ ഗുണമേന്മ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. കെ. രാജു | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ജലത്തിന്റെ ഗുണമേന്മ പരിശോധനയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നു മുതൽ തുടക്കമാകുമെന്ന് വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. കേന്ദ്രസർക്കാരിന്റെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പ്രകാരം പഞ്ചായത്തിലെ എല്ലാ വാർഡിൽ നിന്നും 200 പേർക്ക് ഒന്ന് എന്ന നിരക്കിൽ ജലത്തിന്റെ സാമ്പിൾ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ സബ്ഡിവിഷണൽ ലാബുകളിൽ ശേഖരിച്ച് പരിശോധിച്ച് പരിശോധനാ വിവരങ്ങൾ മിനിസ്ട്രി ഓഫ് ഡ്രിങ്കിംഗ് വാട്ടർ സപ്ലൈയുടെ ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സൈറ്റിൽ ഓൺലൈൻ എൻട്രി ചെയ്യാറുണ്ട്. ഇതു കൂടാതെ സിസിഡിയു ഫീൽഡ് ടെസ്റ്റ് കിറ്റ് (എഫ്റ്റികെ) ഉപയോഗിച്ച് ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് പ്രസ്തുത സൈറ്റിൽ ഓൺലൈൻ എൻട്രി ചെയ്യാറുണ്ട്. ഈ വിവരങ്ങൾ "India water. gov.in" എന്ന സൈറ്റിൽ ഏതൊരാൾക്കും പരിശോധിയ്ക്കാവുന്നതാണ്. ഇങ്ങനെ ശേഖരിച്ച് പരിശോധിക്കുന്ന ജല സാമ്പിളുകളുടെ 30 ശതമാനത്തിന്റെ വിശദ പരിശോധന ഡിസ്ട്രിക്റ്റ് ലാബുകളിൽ നടത്താറുണ്ട്.<br>കൂടാതെ കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം നിശ്ചിത ആക്ഷൻ പ്ലാൻ പ്രകാരം ക്വാളിറ്റി കൺട്രോൾ വിംഗ് ഗുണ പരിശോധന നടത്താറുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഗുണമേന്മ പരിശോധനയ്ക്കുള്ള ചുമതല ആർക്കെല്ലാമാണ് നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഗുണമേന്മ പരിശോധനയ്ക്കുള്ള ചുമതല കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിംഗ് ഡിവിഷനുകൾക്കാണ് നൽകി യിട്ടുള്ളത്. ഫീൽഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ചുള്ള ഗുണമേന്മ പരിശോധന സിസിഡിയു ആണ് നിർവ്വഹിക്കുന്നത്. |
| (സി) | സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർക്ക് കുടിവെള്ളം എത്തിച്ചു കൊടുക്കുന്നുണ്ട്; ഇത്തരത്തിൽ നൽകുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ സംബന്ധിച്ച് എന്തെങ്കിലും വിവരങ്ങൾ ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കുടിവെള്ളത്തിന്റെ ഗുണമേന്മ എത്രത്തോളമുണ്ടെന്ന് വിശദമാക്കുമോ ? | (സി) | സംസ്ഥാനത്ത് ഏകദേശം 245 ലക്ഷത്തോളം ജലങ്ങൾക്ക് കേരള വാട്ടർ അതോറിറ്റി മുഖേന കുടിവെള്ളം എത്തിച്ചു കൊടുക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം പ്രത്യേക ആക്ഷൻ പ്ലാൻ പ്രകാരം ക്വാളിറ്റി കൺട്രോൾ വിംഗ് ഗുണപരിശോധന നടത്താറുണ്ട്. പ്രസ്തുത റിപ്പോർട്ട് അതാത് വിതരണ ഓഫീസർക്ക് നൽകാറുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ആവശ്യപ്പെടുന്ന പക്ഷം പ്രസ്തുത വിവരങ്ങൾ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ